## കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ.172/2025** **തിരുവനന്തപുരം, തീയതി: 04.08.2025**

# പത്രക്കുറിപ്പ്

## കേരള സർവകലാശാല
## ഒന്നാം വർഷ ബിഎഡ് പ്രവേശനം 2025 – 26
## ഒന്നാം വർഷ ബിഎഡ് കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്കും (ജനറൽ/എസ്.സി/എസ്.ടി/മറ്റ് സംവരണ വിഭാഗങ്ങൾ), ഡിഫെൻസ് ക്വാട്ട, കെ.യു.സി.റ്റി.ഇ മാനേജ്മെന്റ് ക്വാട്ട സീറ്റുകളിലേക്കും സ്പോട്ട് അലോട്ട്മെന്റ് ആഗസ്റ്റ് 05,06 തീയതികളിൽ.

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, കെ.യു.സി.റ്റി.ഇ, സ്വാശ്രയ കോളേജുകൾ എന്നിവയിലേക്കുള്ള ഒന്നാം വർഷ ബിഎഡ് കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്കും (ജനറൽ/എസ്.സി/എസ്.ടി/മറ്റ്സംവരണ വിഭാഗങ്ങൾ), ഡിഫെൻസ് ക്വാട്ട, കെ.യു.സി.റ്റി.ഇ മാനേജ്മെന്റ് ക്വാട്ട സീറ്റുകളിലേക്കും സ്പോട്ട് അലോട്ട്മെന്റ് ആഗസ്റ്റ് 05, 06 തീയതികളിൽ കൊല്ലം എസ്.എൻ കോളേജിൽ വച്ച് നടത്തുന്നു. അലോട്ട്മെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു.

| Date | Subjects |
|---|---|
| 05/08/2025 | **Social Science, English, Malayalam, Geography, Tamil, Hindi**<br>**Including KUCTE Management quota** |
| 06/08/2025 | **Defense Quota, Physical Science, Natural Science, Sanskrit, Arabic, Commerce, Mathematics**<br>**Including KUCTE Management quota** |

രജിസ്ട്രേഷൻ സമയം രാവിലെ 8.30 മണി മുതൽ 10 മണി വരെ, സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് സഹിതം രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. പ്രസ്തുത സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. അലോട്ട്മെന്റ് സെന്ററിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. ഏതെങ്കിലും കാരണത്താൽ ഹാജാരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യപത്രം **(authorization letter)** നൽകി രക്ഷകർത്താവിനെ അയക്കാവുന്നതാണ്. നിലവിൽ കോളജിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി വാങ്ങാൻ പാടുള്ളൂ. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുവാൻ വരുന്ന വിദ്യാർത്ഥികൾ അസ്സൽ മാർക്ക് ലിസ്റ്റുകളും യോഗ്യതയും ജാതിയും (നോൺക്രീമിലെയർ, കമ്മ്യൂണിറ്റി, ഇ.ഡബ്ല്യൂ.എസ്, വരുമാനം, ഭിന്നശേഷി - **more than** 40%) തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും കൈവശം കരുതണം. ഓൺലൈനിൽ അപേക്ഷ സമർപ്പിച്ച സമയത്ത് രേഖപ്പെടുത്തിയ യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സ്പോട്ട് അലോട്ട്മെന്റ് സമയത്ത് ഹാജകരാക്കേണ്ടതാണ്. നിലവിൽ കോളജിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ

അഡ്മിറ്റ് മെമ്മോയും സർട്ടിഫിക്കറ്റുകളുടെ പകർപ്പും ഹാജരാക്കിയാൽ മതിയാകും. ഇതര സർവകലാശാലകളിൽ നിന്നും ഡിഗ്രി/പി.ജി പൂർത്തിയാക്കിയ വിദ്യാർത്ഥികൾ പ്രസ്തുത കോഴ്സുകൾ ബിഎഡ് പഠനത്തിന് കേരളസർവകലാശാല അംഗീകരിച്ചിട്ടുണ്ട് എന്ന് തെളിയിക്കുന്ന യോഗ്യതാ സർട്ടിഫിക്കറ്റ് കോളേജിൽ ഹാജരാക്കണം. അതാത് വിഭാഗങ്ങളുടെ അഭാവത്തിൽ ഒഴിവുള്ള സീറ്റുകൾ പ്രോസ്പെക്ടസിൽ വ്യക്തമാക്കിയിട്ടുള്ള മാനദണ്ഡപ്രകാരം സീറ്റ് കൺവെർഷൻ നടത്തി അലോട്ട്മെന്റ് പ്രക്രിയ പൂർത്തിയാക്കുന്നതാണ്. അഡ്മിഷൻ സംബന്ധിച്ചുള്ള അതാത് സമയങ്ങളിലെ വിവരങ്ങൾക്ക് സർവകലാശാല പത്രകുറിപ്പുകളും അഡ്മിഷൻ വെബ്സൈറ്റും (**https://admissions.keralauniversity.ac.in**) ശ്രദ്ധിക്കേണ്ടതാണ്. ഹെൽപ്പ് ലൈൻ നമ്പർ : 8281883053 (Whatsapp also), ഇമെയിൽ : **bedadmission@keralauniversity.ac.in**.

## കേരള സർവകലാശാല
## ഒന്നാം വർഷ ബിരുദ (FYUGP) പ്രവേശനം – 2025

## എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് സ്പോട്ട് അലോട്ട്മെന്റ് കൊല്ലം, ആലപ്പുഴ, പത്തനംതിട്ട മേഖലകളിലെ കോളേജുകൾ ആഗസ്റ്റ് 7 നും തിരുവനന്തപുരം മേഖലയിലെ കോളേജുകൾ ആഗസ്റ്റ് 8 നും.

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/ സ്വാശ്രയ/യു.ഐ.റ്റി./ഐ.എച്ച്.ആർ.ഡി. കോളേജുകളിലെ ഒന്നാം വർഷ ബിരുദ **(FYUGP)** കോഴ്സുകളിൽ ഒഴിവുള്ള എസ്.സി/എസ്.ടി സംവരണ സീറ്റുകളിലേയ്ക്ക് അതാത് വിഭാഗങ്ങൾക്ക് മേഖല തലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. വിവിധ മേഖലകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടെ വിവരം, ഒഴിവുള്ള സീറ്റുകളുടെ വിവരം എന്നിവ സർവകലാശാല വെബ്സൈറ്റിൽ (**http://admissions.keralauniversity.ac.in/fyugp2025**) പ്രസിദ്ധീകരിക്കുന്നതാണ്.

| മേഖല | തീയതി | സ്ഥലം |
|---|---|---|
| കൊല്ലം, ആലപ്പുഴ | **7 ആഗസ്റ്റ് 2025** | എസ്.എൻ കോളേജ്, കൊല്ലം. |
| തിരുവനന്തപുരം | **8 ആഗസ്റ്റ് 2025** | ഗോൾഡൻ ജ്യൂബിലി ഹാൾ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിംഗ്, യൂണിവേഴ്സിറ്റി ക്യാംപസ്, കാര്യവട്ടം |

വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ട് സഹിതം മുകളിൽ പറഞ്ഞിരിക്കുന്ന സെന്ററുകളിൽ രാവിലെ **10** മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ സമയം **8.30** മുതൽ **10** മണി വരെ. ടി സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. ഏതെങ്കിലും കാരണത്താൽ നേരിട്ട് ഹാജാരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യപത്രം **(authorization letter)** നൽകി രക്ഷകർത്താവിനെ അയക്കാവുന്നതാണ്.

നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി. വാങ്ങുവാൻ പാടുള്ളൂ. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ഉണ്ടായിരിക്കണം. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. ഇതുവരെ അഡ്മിഷൻ ഫീ അടയ്ക്കാത്ത വിദ്യാർഥികൾക്ക് സ്പോട്ട്

അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസിനത്തിൽ **1390/-** രൂപ അടക്കേണ്ടതാണ്. ഇതിനായി പ്രത്യേക സമയം അനുവദിക്കുന്നതല്ല. മുൻപ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പേയ്മെന്റ് രസീതിന്റെ കോപ്പി ഹാജരാക്കേണ്ടതാണ്.

## പരീക്ഷ മാറ്റിവച്ചു

കേരളസർവകലാശാല 2025 ആഗസ്റ്റ് 07 ന് ആരംഭിക്കാനിരുന്ന മൂന്നാം സെമസ്റ്റർ ബിടെക് (2013 സ്കീം – 2014 അഡ്മിഷൻ), ഏപ്രിൽ 2025 പരീക്ഷ മാറ്റിവച്ചു. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

## പരീക്ഷാഫലം

കേരളസർവകലാശാല 2025 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എംഎ ബിസിനസ് എക്കണോമിക്സ് (റെഗുലർ, സപ്ലിമെന്ററി & ഇംപ്രൂവ്മെന്റ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് **www.slcm.keralauniversity.ac.in** മുഖേന 2025 ആഗസ്റ്റ് 09 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

കേരളസർവകലാശാല 2025 ജൂലൈയിൽ നടത്തിയ സർട്ടിഫിക്കറ്റ് ഇൻ ജർമ്മൻ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. (**www.keralauniversity.ac.in**).

## പരീക്ഷാവിജ്ഞാപനം

കേരളസർവകലാശാല 2025 സെപ്റ്റംബർ 16 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എൽഎൽഎം (റെഗുലർ - 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2021 & 2022 അഡ്മിഷൻ, മേഴ്സിചാൻസ് – 2018 അഡ്മിഷൻ) പരീക്ഷകളുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

കേരളസർവകലാശാലയുടെ റെഗുലർ ബിടെക് നാലാം സെമസ്റ്റർ കോഴ്സ് കോഡിൽ വരുന്ന ബിടെക് പാർട്ട്ടൈം റീസ്ട്രക്ചേർഡ് കോഴ്സ് (2013 സ്കീം) രണ്ട്, നാല് സെമസ്റ്ററുകളുടെ പരീക്ഷകളുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

## പ്രാക്ടിക്കൽ/പ്രോജക്ട്/വൈവ

കേരളസർവകലാശാല 2025 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എംഎ ഹിസ്റ്ററി (വേൾഡ് ഹിസ്റ്ററി & ഹിസ്റ്റോറിയോഗ്രാഫി) പരീക്ഷയുടെ വൈവ 2025 ആഗസ്റ്റ് 08 ന് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

കേരളസർവകലാശാല 2025 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എംഎസ്സി ജ്യോഗ്രഫി പരീക്ഷയുടെ പ്രോജക്ട്/വൈവ 2025 ആഗസ്റ്റ് 07 മുതൽ 11 വരെ അതാത് കോളേജുകളിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. (**www.keralauniversity.ac.in**).

കേരളസർവകലാശാല 2025 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബിപിഎ (മ്യൂസിക്/വീണ/വയലിൻ) പ്രാക്ടിക്കൽ പരീക്ഷകൾ 2025 ആഗസ്റ്റ് 08 മുതൽ ആരംഭിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

## പരീക്ഷാകേന്ദ്രം

കേരളസർവകലാശാല ഇനി മുതൽ നടത്താനിരിക്കുന്ന സി.ബി.സി.എസ്. ബിഎ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ (സപ്ലിമെന്ററി) പരീക്ഷകൾക്ക് മടത്തറ ട്രാവൻകൂർ ആർട്സ് ആന്റ് സയൻസ് കോളേജിലെ വിദ്യാർത്ഥികൾ പാങ്ങോട് ഡോ. പൽപ്പു കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസിൽ നിന്നും ഹാൾടിക്കറ്റ് കൈപ്പറ്റി അവിടെ പരീക്ഷ എഴുതേണ്ടതാണ്.

## ടൈംടേബിൾ

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2025 ആഗസ്റ്റ് 20 ന് നടത്തുന്ന രണ്ടാം സെമസ്റ്റർ ബിബിഎ (മേഴ്സിചാൻസ് – 2013 & 2014 അഡ്മിഷൻ) പരീക്ഷ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. (www.keralauniversity.ac.in).

കേരളസർവകലാശാല റെഗുലർ ബിടെക് മൂന്നാം സെമസ്റ്റർ (2008, 2013 സ്കീം) കോഴ്സ് കോഡിൽ വരുന്ന ബിടെക് പാർട്ട്ടൈം റീസ്ട്രക്ചേർഡ് കോഴ്സ്, (2008 സ്കീം) ഒന്നാം സെമസ്റ്റർ ഏപ്രിൽ 2025, മൂന്നാം സെമസ്റ്റർ ജനുവരി 2025 പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. (www.keralauniversity.ac.in).

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2024 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. ബികോം (159) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി 2025 ആഗസ്റ്റ് 06 മുതൽ 12 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ റീവാല്യുവേഷൻ ഇ.ജെ. VII സെക്ഷനിൽ ഹാജരാകേണ്ടതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**